കേരള സർക്കാർ

# സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത്

## പത്തനംതിട്ട ജില്ല

## ഉപജില്ലാ അദാലത്ത് സമിതി - 2

10-12-2024 തീയതിയിൽ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ വെച്ച് കൂടിയ ഉപജില്ല അദാലത്ത് സമിതി 2 ന്റെ യോഗ തീരുമാനം

**പങ്കെടുത്തവർ**

1. വിനീത സോമൻ എം (ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ )

2.ബിന്ദു.എസ്സ്.കരുണാകരൻ. (അസിസ്റ്റന്റ്. എക്സിക്യൂട്ടീവ് എൻജിനീയർ എൽ.എസ്.ജി.ഡിപത്തനംതിട്ട).

3.മുഹമ്മദ് സിദ്ദിക്ക്. ( അസിസ്റ്റന്റ് ടൗൺ പ്ലാനർ).

**പരിഗണിച്ച വിഷയം** - സീതത്തോട് ഗ്രാമ പഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിച്ച കോൺഗ്രസ് ഭവന്റെ നിർമ്മാണ പ്രവൃത്തികൾ മുടക്കുന്നതിന് വസ്തുതാവിരുദ്ധമായ റിപ്പോർട്ടുകൾ തയ്യാറാക്കി ഉദ്യോഗസ്ഥർ ശ്രമം നടത്തുന്നു എന്ന പരാതി

**അദാലത്ത് തീർപ്പ്**

സീതത്തോട് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നിർമ്മാണാനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിച്ച കോൺഗ്രസ് ഭവന്റെ നിർമ്മാണ പ്രവൃത്തി മുടക്കുന്നതിന് വസ്തുതാ വിരുദ്ധമായ റിപ്പോർട്ടുകൾ തയ്യാറാക്കി ഉദ്യോഗസ്ഥർ ശ്രമം നടത്തുന്നു എന്ന പരാതിയിൻമേൽ 21/11/24ലെ ഉപജില്ലാ അദാലത്ത് തീരുമാനപ്രകാരം സമിതി അംഗങ്ങൾ 06/12/2024 ന് സ്ഥല പരിശോധന നടത്തി .

സീതത്തോട് ഗ്രാമ പഞ്ചായത്തിൽ , സീതത്തോട് വില്ലേജിലെ സർവ്വെ നമ്പർ 189/21 ലുള്ള 1.72 ആർ ഭൂമിയിൽ 203.64 ച.മീ വിസ്തീർണമുള്ള കൊമേഴ്‌സ്യൽ കെട്ടിടം നിർമ്മിക്കുന്നതിന് 30.08.2022 ലെ നമ്പർ S4- BA (282476)/2022 പ്രകാരം പെർമിറ്റ് അനുവദിച്ചിട്ടുള്ളതും ആയത് പ്രകാരം നിർമ്മാണത്തിന്റെ ആരംഭഘട്ടമായ ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുള്ളതായും കാണുന്നു. നിലവിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നൽകിയ നോട്ടീസ് പ്രകാരം നിർമ്മാണം നിർത്തി വച്ചിരിക്കുന്ന അവസ്ഥയിലാണ്. സ്ഥലപരിശോധനയിൽ അംഗീകൃത പെർമിഷൻ പ്ലാൻ പ്രകാരമുള്ള അളവുകൾ സൈറ്റിൽ ലഭ്യമാണ്. ഈ അളവിൽ നിന്ന് വ്യതിചലിച്ച് ആറിന്റെ തീരം കൈയ്യേറി നിർമ്മാണം നടക്കുന്നതായി കാണാൻ കഴിയുന്നില്ല. കെ പി ബി ആർ 2019 പ്രകാരമുള്ള നിർമ്മാണം

മാത്രമാണ് നടത്തിയിട്ടുള്ളത്. ആയതിനാൽ പരാതിക്കാരന് നിലവിൽ നൽകിയിട്ടുള്ള നിർമ്മാണ നിരോധന ഉത്തരവ് റദ്ദ് ചെയ്ത് അംഗീകൃത കെട്ടിട നിർമ്മാണ അനുമതി പ്രകാരമുള്ള നിർമ്മാണം പുനരാരംഭിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നു.

കൺവീനർ

ഉപജില്ലാ അദാലത്ത് സമിതി-2
തദ്ദേശസ്വയംഭരണവകുപ്പ്
പത്തനംതിട്ട